REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **തദ്ദേശ ഭരണ സ്ഥാപന തിരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ, സംസ്ഥാനത്ത് പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണം മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് കേരളം സുപ്രീം കോടതിയെ സമീപിച്ചു.**
- **ബിഹാറിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട BJP, MLA മാർ ഇന്ന് പട്നയിൽ യോഗം ചേർന്ന് നിയമസഭാകക്ഷി നേതാവിനെ തിരഞ്ഞെടുക്കും.**
- **ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് അവബോധ വാരാചരണത്തിന് രാജ്യത്ത് തുടക്കമായി.**
- **മണ്ഡലകാലത്തിന്റെ രണ്ടാം ദിനമായ ഇന്നും ശബരിമലയിൽ തീർഥാടകരുടെ വൻ തിരക്ക്.**
- **ഇൻഡോറിൽ രഞ്ജി ട്രോഫി ക്രിക്കറ്റിൽ മധ്യപ്രദേശിനെതിരെ കേരളം രണ്ടാം ഇന്നിങ്സ് ബാറ്റിങ് ആരംഭിച്ചു.**

## വാർത്തകൾ വിശദമായി

തദ്ദേശ ഭരണ സ്ഥാപന തിരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ, സംസ്ഥാനത്ത് പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണം മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് കേരളം സുപ്രീം കോടതിയെ സമീപിച്ചു. തദ്ദേശ തിരഞ്ഞെടുപ്പിനൊപ്പം SIR നടത്തുന്നത് ഭരണപരമായ സങ്കീർണതകൾ സൃഷ്ടിക്കുമെന്നും തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെ തടസ്സപ്പെടുത്തുമെന്നുമാണ് കേരളം ഉന്നയിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 32 പ്രകാരമാണ് റിട്ട് ഹർജി സമർപ്പിച്ചത്.

✪✪✪

സംസ്ഥാനത്ത് SIR പ്രായോഗികമായി നടപ്പാക്കണമെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ പറഞ്ഞു. എന്നാൽ കേരളത്തിൽ SIR ബിഹാറിലേതുപോലെ ആകരുതെന്നും LDF കൺവീനർ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിന്റെ പ്രചാരണത്തിന് സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന ഉള്ളടക്കങ്ങളുടെ നിരീക്ഷണം ഊർജിതമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്........

സാമൂഹികമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന ഓഡിയോ, വീഡിയോ, ഡിസ്പ്ലേ, AI ജനറേറ്റഡ് കണ്ടന്റുകൾ എന്നിവ കർശനമായി പരിശോധിക്കും. ഇത് പാലിക്കുന്നു എന്ന് ഉറപ്പാക്കാൻ കലക്ടർമാരോട് കമ്മീഷൻ നിർദേശിച്ചു.

വ്യാജ കണ്ടന്റുകൾ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്നു മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യാൻ നിർദ്ദേശിക്കും. നീക്കം ചെയ്യാത്തപക്ഷം നിയമപരമായ നടപടികൾ സ്വീകരിക്കുമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

✪✪✪

അസമിൽ പ്രത്യേക വോട്ടർ പട്ടിക പരിഷ്കരണത്തിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു. 2026 ജനുവരി ഒന്ന് ആണ് യോഗ്യതാ തീയതി. കരട് വോട്ടർ പട്ടിക അടുത്ത മാസം 27ന് പ്രസിദ്ധീകരിക്കാൻ അസമിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് നിർദ്ദേശം നൽകി. അവകാശവാദങ്ങളും, എതിർപ്പുകളും ഡിസംബർ 27 മുതൽ ജനുവരി 22 വരെ അറിയിക്കാൻ അവസരമുണ്ടായിരിക്കും. അന്തിമ വോട്ടർ പട്ടിക 2026 ഫെബ്രുവരി 10ന് പ്രസിദ്ധീകരിക്കും.

✪✪✪

ബിഹാറിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട BJP MLA മാർ ഇന്ന് പട്നയിൽ യോഗം ചേർന്ന് നിയമസഭാകക്ഷി നേതാവിനെ തിരഞ്ഞെടുക്കും. തിരഞ്ഞെടുപ്പിൽ BJP 89 സീറ്റുകൾ നേടിയിരുന്നു. പാർട്ടി നിരീക്ഷകരും യോഗത്തിൽ പങ്കെടുക്കും. JDU നിയമസഭാ കക്ഷി നേതാവിനെ

തിരഞ്ഞെടുക്കാൻ നാളെ പട്നയിൽ യോഗം ചേർന്നേക്കും. ഇന്നലെ ചേരേണ്ടിയിരുന്ന യോഗം മാറ്റിവെക്കുകയായിരുന്നു.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട RJD MLA മാരുടെ യോഗം, ഇന്നലെ പട്നയിൽ ചേർന്നു. തേജസ്വി യാദവിനെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തു.

✪✪✪

അടുത്ത വർഷത്തെ കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട് നാലാമത് പ്രീ-ബജറ്റ് കൺസൽട്ടേഷൻ യോഗം ന്യൂഡൽഹിയിൽ ചേർന്നു. ധനമന്ത്രി നിർമ്മല സീതാരാമൻ അധ്യക്ഷയായിരുന്നു. വ്യത്യസ്ത കാഴ്ചപ്പാടിലൂടെ സാമ്പത്തിക പ്രാധാന്യമാർന്ന കാര്യങ്ങൾക്ക് കേന്ദ്ര ബജറ്റിൽ മുൻഗണന ഉറപ്പാക്കുകയാണ് യോഗത്തിന്റെ ലക്ഷ്യം.

✪✪✪

വികസിത രാജ്യങ്ങൾ അവരുടെ കാലാവസ്ഥാ ലക്ഷ്യങ്ങളിൽ കൂടുതൽ താൽപര്യവും പ്രതിബദ്ധതയും കാണിക്കണമെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് ആവശ്യപ്പെട്ടു. ബ്രസീലിലെ ബെലെമിൽ UNCOP-30 കാലാവസ്ഥാ ഉച്ചകോടിയുടെ ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2005-ന് ശേഷം ഇന്ത്യയുടെ കാർബൺ ബഹിർഗമന തീവ്രത 36 ശതമാനത്തിലധികം കുറഞ്ഞതായും ഭൂപേന്ദർ യാദവ് അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വികസനവും പരിസ്ഥിതി സംരക്ഷണവും ഒരുമിച്ച് കൊണ്ടുപോകാൻ കഴിയുമെന്ന് ഇന്ത്യ വിജയകരമായി തെളിയിച്ചതായും, വികസിത രാജ്യങ്ങൾ നിലവിലെ സമയപരിധിക്കും മുമ്പേ നെറ്റ് സീറോ ലക്ഷ്യങ്ങൾ കൈവരിക്കണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

മുൻ പ്രധാനമന്ത്രി ഷെയ്ക് ഹസീനയ്ക്ക് വധശിക്ഷ വിധിച്ചതിനെതിരെ ബംഗ്ലാദേശിൽ പ്രതിഷേധം വ്യാപകമാവുന്നു. വെടിവെപ്പിൽ രണ്ട് പേർ കൊല്ലപ്പെട്ടു. അഞ്ച് ജില്ലകളിൽ തെരുവിലിറങ്ങിയ പ്രക്ഷോഭകാരികൾ നിരവധി വാഹനങ്ങൾക്ക് തീയിട്ടു. ധാക്കയിൽ യുദ്ധസമാനമായ സാഹചര്യമാണ്. സുരക്ഷാ ഭടന്മാരുൾപ്പെടെ 50 പേർക്ക് ആക്രമണങ്ങളിൽ പരിക്കേറ്റതായാണ് റിപ്പോർട്ട്. കഴിഞ്ഞ ദിവസമാണ് ബംഗ്ലാദേശ് ഇന്റർനാഷണൽ ക്രൈംസ് ട്രൈബ്യൂണൽ മനുഷ്യവംശത്തിനെതിരായ കുറ്റകൃത്യം ചെയ്തനെന്ന കേസിൽ ഷെയ്ക് ഹസീനയ്ക്ക് വധശിക്ഷ വിധിച്ചത്.

✪✪✪

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനക്കെതിരെ വധശിക്ഷ വിധിച്ചത് ശരിയല്ലെന്ന് UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അറിയിച്ചു. വധശിക്ഷയ്ക്കെതിരെ എല്ലാ സാഹചര്യങ്ങളിലും ഐക്യരാഷ്ട്രസഭ നിലകൊള്ളുന്നുവെന്ന് ഗുട്ടെറസിന്റെ വക്താവ് മാധ്യമങ്ങളോട് പറഞ്ഞു.

ആംനെസ്റ്റി ഇന്റർനാഷണലും കുറ്റകൃത്യ ട്രൈബ്യൂണലിന്റെ തീരുമാനത്തെ അപലപിച്ചു. വിധി നീതിന്യായ രംഗത്തെ പിഴവാണെന്ന് ആംനെസ്റ്റി ഇന്റർ നാഷണൽ സെക്രട്ടറി ജനറൽ ആഗ്നസ് കെല്ലാമാർഡ് പറഞ്ഞു.

✪✪✪

ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ച ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് അവബോധ വാരാചരണത്തിന് രാജ്യത്ത് ഇന്ന് തുടക്കം. ആന്റിബയോട്ടിക് മരുന്നുകളുടെ തെറ്റായ ഉപയോഗം തടയുകയാണ് വാരാചരണ ലക്ഷ്യം. 'ഇപ്പോൾ പ്രവർത്തിക്കുക - വർത്തമാനകാലം സംരക്ഷിച്ചാൽ, ഭാവി സുരക്ഷിതമാകും' എന്നതാണ് ഈ വർഷത്തെ സന്ദേശം. ഈ മാസം 24 വരെ നീളുന്ന വാരാചരണത്തിന്റെ ഭാഗമായി രാജ്യമെമ്പാടും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ലോക ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ബോധവൽക്കരണ വാരാചരണത്തിന്റെ കണ്ണൂർ ജില്ലാതല പരിപാടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.കെ.ടി. രേഖ ഉദ്ഘാടനം ചെയ്തു. ജില്ലാ ആശുപത്രിയുടെ ആന്റിബയോട്ടിക്ക് പോളിസിയും ചടങ്ങിൽ പ്രകാശനം ചെയ്തു.

✪✪✪

സൗദി അറേബ്യയിൽ ബസ് അപകടത്തിൽ മരിച്ച ഇന്ത്യൻ ഉംറ തീർത്ഥാടകരുടെ കുടുംബങ്ങൾക്ക് സഹായം നൽകാൻ ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ, മദീനയിലെ ഇന്ത്യൻ ഹജ് തീർത്ഥാടക ഓഫീസിൽ ക്യാമ്പ് തുറന്നു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സഹായ മൊരുക്കാൻ തെലങ്കാന ഗവൺമെന്റ് പ്രതിനിധി സംഘം സൗദി അറേബ്യയിലേക്ക് പുറപ്പെട്ടു.

✪✪✪

ആന്ധ്രാപ്രദേശിൽ പൊലീസുമായി ഏറ്റുമുട്ടി ഒരു ഉന്നത നേതാവ് ഉൾപ്പെടെ ആറ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. അല്ലൂരി, സീതരാമു ജില്ലയിലെ മരടുമില്ലിയിൽ, രാവിലെയായിരുന്നു സംഭവം.

✪✪✪

മണ്ഡലകാലത്തിന്റെ രണ്ടാം ദിനമായ ഇന്നും ശബരിമലയിലെ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർഥാടകരുടെ തിരക്ക് തുടരുന്നു. വർച്വൽ ക്യൂ ബുക്കു ചെയ്തവരും, സ്പോർട്ട് ബുക്കിംഗ് വഴി എത്തുന്നവരും, കോയിക്കൽകാവ്, പുല്ലുമേട് എന്നീ രണ്ട് കാനനപാതകൾ താണ്ടിയാണ് ദർശനപുണ്യം നേടി തൊഴുത് മലയിറങ്ങുന്നത്. തീർഥാടകരുടെ സുഗമയാത്രയ്ക്ക് KSRTC ഓരോ മിനിട്ടിലും നിലയ്ക്കൽ-പമ്പ ചെയിൻ സർവീസ് നടത്തുന്നുണ്ട്. 202 ബസുകളാണ് ഇത്തരത്തിൽ മാത്രം സർവീസുകൾ നടത്തുന്നത്.

✪✪✪

ശബരിമല തീർത്ഥാടനത്തിനിടെ അപ്പാച്ചിമേടിന് സമീപം തീർത്ഥാടക കുഴഞ്ഞ് വീണ് മരിച്ചു. കോഴിക്കോട് കൊയിലാണ്ടി സ്വദേശിനി സതി ആണ് മരിച്ചത്. മൃതദേഹം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എത്തിക്കും.

✪✪✪

അഞ്ച് ദിവസത്തെ കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവത്തിന് തുടക്കമായി. നഗരത്തിലെ വിവിധ വേദികളിലായാണ് മത്സരങ്ങൾ . 15 ഉപജില്ലകളിലെ 9000ലധികം കലാ പ്രതിഭകളാണ് ജില്ലാ സ്കൂൾ കലോത്സവത്തിൽ മാറ്റുരയ്ക്കാനെത്തുന്നത്. 15 വേദികളിലായി 319 ഇനങ്ങളിലാണ് മത്സരങ്ങൾ. രചന മത്സര വിഭാഗത്തിൽ ഉൾപ്പെടുത്തിയ 64 ഇനങ്ങൾ സെന്റ് മൈക്കിൾസ് ആംഗ്ലോ ഇന്ത്യൻ ഹയർസെക്കൻഡറി സ്കൂളിൽ പുരോഗമിക്കുകയാണ്. നാളെയാണ് സ്റ്റേജ് മത്സരങ്ങൾ. പൂർണ്ണമായും ഹരിത പെരുമാറ്റച്ചട്ടം പാലിച്ചാണ് കലോത്സവം. ദിവസവും 5000 പേർക്ക് ഭക്ഷണവുമൊരുക്കുന്നുണ്ട്. നാളെ വൈകിട്ട് ജില്ലാ കലക്ടർ അരുൺ കെ.വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

മലപ്പുറം ജില്ലാ സ്കൂൾ കലോത്സവത്തിന് ഇന്ന് വണ്ടൂരിൽ തുടക്കമാകും. പതിനൊന്നായിരത്തിലധികം വിദ്യാർത്ഥികൾ നാലു ദിവസത്തെ മേളയിൽ പങ്കെടുക്കും.

✪✪✪

അടുത്ത വർഷത്തെ SSLC, THSLC, പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചതായി പരീക്ഷാ കമ്മീഷണർ അറിയിച്ചു. രജിസ്ട്രേഷൻ നടപടികൾ ഈ മാസം 30-ന് മുൻപ് പൂർത്തിയാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

✪✪✪

ഇൻഡോറിൽ രഞ്ജി ട്രോഫി ക്രിക്കറ്റിൽ മധ്യപ്രദേശിനെതിരെ കേരളം രണ്ടാം ഇന്നിങ്സ് ബാറ്റിങ് ആരംഭിച്ചു. ഒന്നാം ഇന്നിങ്സിൽ മധ്യപ്രദേശ് 192 റൺസിന് പുറത്തായി. ഉച്ചഭക്ഷണത്തിനു പിരിയുമ്പോൾ കേരളം ഒരു വിക്കറ്റ് നഷ്ടത്തിൽ 22 റൺസ് എടുത്തിട്ടുണ്ട്.

✪✪✪

ഏഷ്യാ കപ്പ് റൈസിംഗ് സ്റ്റാർസ് ക്രിക്കറ്റിൽ അവസാന ലീഗ് ഘട്ട പോരാട്ടത്തിൽ ഇന്ന് ഇന്ത്യ A, ഒമാൻ A ടീമിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8ന് ദോഹ വെസ്റ്റ് എൻഡ് പാർക്ക് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

ഇരു ടീമുകൾക്കും ഇന്നത്തെ മത്സരം നിർണ്ണായകമാണ്. വിജയിക്കുന്നവർ സെമി ഫൈനലിലെത്തും.

✪✪✪

ഏഷ്യാ കപ്പ് റൈസിംഗ് സ്റ്റാർസ് ക്രിക്കറ്റിൽ അവസാന ലീഗ് ഘട്ട പോരാട്ടത്തിൽ ഇന്ന് ഇന്ത്യ A, ഒമാൻ A ടീമിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8ന് ദോഹ വെസ്റ്റ് എൻഡ് പാർക്ക് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

ഇരു ടീമുകൾക്കും ഇന്നത്തെ മത്സരം നിർണ്ണായകമാണ്. വിജയിക്കുന്നവർ സെമി ഫൈനലിലെത്തും.

✪✪✪

ഈജിപ്തിലെ കെയ്റോയിൽ ISSF റൈഫിൾ-പിസ്റ്റൾ ലോക ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 25 മീറ്റർ സെന്റർ പിസ്റ്റൾ ഫയർ ഇനത്തിൽ ഒളിമ്പ്യൻ ഗുർപ്രീത് സിംഗ് വെള്ളി മെഡൽ നേടി. ഉക്രൈൻ താരത്തോട് പരാജയപ്പെട്ടതോടെയാണ് ഗുർപ്രീതിന് വെള്ളി ലഭിച്ചത്.

✪✪✪

ഗോവയിൽ ഫിഡെ ചെസ്സ് വേൾഡ് കപ്പ് ആദ്യ ക്വാർട്ടർ ഫൈനൽ മത്സരത്തിൽ ഇന്ത്യൻ താരം അർജുൻ എറിഗൈസിയും, ചൈനയുടെ വെയ്-യി യുമായി നടന്ന മത്സരം സമനിലയിൽ. ഇന്നാണ് ക്ലാസിക്കൽ റൌണ്ട് മത്സരം.

✪✪✪

തൃശൂരിൽ സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തൃശൂർ മാജിക് FC, നിലവിലെ ജേതാക്കളായ കലിക്കറ്റ് FC യെ നേരിടും. രാത്രി ഏഴരയ്ക്കാണ് മത്സരം. 13 പോയിന്റോടെ മാജിക് FC യാണ് പട്ടികയിൽ മുന്നിൽ. 11 പോയിന്റോടെ കലിക്കറ്റ് രണ്ടാം സ്ഥാനത്താണ്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,280 രൂപ കുറഞ്ഞ് 90,680 രൂപയായി. ഗ്രാമിന് 11,335 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ വാർഡുകളിൽ മത്സരിക്കുന്ന NDA സ്ഥാനാർഥികളുടെ അന്തിമ പട്ടിക BJP സിറ്റി ജില്ലാ അധ്യക്ഷൻ KP പ്രകാശ് ബാബു പ്രഖ്യാപിച്ചു. ഒമ്പത് സീറ്റുകളിലേക്കാണ് ഇന്നലെ സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്.

കോൺഗ്രസ്സിന്റെ അന്തിമ സ്ഥാനാർഥി പട്ടികയും ഇന്നലെ പ്രഖ്യാപിച്ചു. ഇതോടെ കോൺഗ്രസ് മത്സരിക്കുന്ന മുഴുവൻ സീറ്റുകളിലും സ്ഥാനാർത്ഥികളായി. LDF നേരത്തെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് നാളെ വരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴസാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റുവീശാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

ഇടുക്കി ഇടമലക്കുടിയിൽ വീണ്ടും കാട്ടാന ആക്രമണം. കാട്ടാനക്കൂട്ടം ഷെഡ്ഡുകുടിയിൽ വീടുകൾ തകർത്തു. കഴിഞ്ഞദിവസം കാട്ടാന ആക്രമണത്തിൽ സമീപത്തെ അംഗൻവാടിയും തകർന്നിരുന്നു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: സബിത കെ*
*NRT: സാലിം*
*DEO: സി കെ സുബോധ്*